# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1780     18.06.2012 -ൽ മറുപടിയ്ക്ക്**

**<u>അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ രാജു എബ്രഹാം : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) അന്വേഷണവുമായി ബന്ധപ്പെട്ട് പ്രതി കളെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ പ്രകാരമുള്ള നിബന്ധന കൾ എന്തൊക്കെയായിരുന്നു ; | എ) പ്രതികളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട സുപ്രീംകോടതി നിർദ്ദേശങ്ങൾ അനുസരിച്ചുള്ള കാര്യങ്ങൾ താഴെച്ചേർക്കുന്നു.<br><br>1. അറസ്റ്റും ചോദ്യം ചെയ്യലും നടപ്പാക്കുന്ന ഉദ്യോഗസ്ഥർ ശരിയായിട്ടുള്ളതും വ്യക്തവുമായ രീതിയിൽ പേരും, ഉദ്യോഗപ്പേരും ഉൾപ്പെടെയുള്ള തിരിച്ചറിയൽ അടയാളങ്ങൾ ധരിച്ചിരിക്കണം. ഇത്തരം നടപടികളുമായി ബന്ധപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും പേര് വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കണം<br><br>2. അറസ്റ്റു നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ ഒരു അറസ്റ്റ്മെമ്മോ തയ്യാറാക്കണം. അതിൽ അറസ്റ്റ് ചെയ്യപ്പെടുന്നയാളിന്റെ ഒരു ബന്ധുവോ, പ്രദേശത്തെ ബഹുമാന്യനായ ഒരു വ്യക്തിയോ അറസ്റ്റ് നടന്ന സ്ഥലത്തുവെച്ച് ഒപ്പുവച്ചിരിക്കണം. ഇതിൽ അറസ്റ്റ് ചെയ്യപ്പെ ടുന്നയാളിന്റെ ഒപ്പും അറസ്റ്റ് ചെയ്യപ്പെട്ട തീയതിയും സമയവും ഉണ്ടായിരിക്കണം.<br><br>3. അറസ്റ്റ്മെമ്മോ സാക്ഷ്യപ്പെടുത്തിയ സാക്ഷി, അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ സുഹൃത്തോ, ബന്ധുവോ അല്ലെങ്കിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ ഒരു ബന്ധുവിനെയോ, സുഹൃത്തിനേയോ അയാളുടെ ക്ഷേമത്തിൽ താത്പര്യമുള്ള ഒരാളിനേയോ, അയാൾ അറസ്റ്റ് ചെയ്യപ്പെട്ട കാര്യവും എവിടെയാണ് തടവിലാക്കിയിരിക്കുന്നത് എന്ന കാര്യവും കഴിയുന്നത്ര വേഗത്തിൽ അറിയിച്ചിരിക്കണം.<br><br>4. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ അടുത്ത സുഹൃത്തോ, ബന്ധുവോ, ജില്ലക്കോ പട്ടണത്തിനോ പുറത്ത് താമസിക്കുകയാ ണെങ്കിൽ, അറസ്റ്റ് ചെയ്ത സമയം, അറസ്റ്റ് ചെയ്യപ്പെട്ട സ്ഥലം, തടങ്കലിൽ |

സൂക്ഷിച്ചിരിക്കുന്ന സ്ഥലം തുടങ്ങിയ കാര്യങ്ങൾ ജില്ലയിലെ നിയമ സഹായ സംഘടന വഴിയും, ബന്ധപ്പെട്ട പ്രദേശത്തെ പോലീസ് സ്റ്റേഷനിലൂടെയും അറസ്റ്റ് ചെയ്ത് 8 മുതൽ 12 മണിക്കൂറിനകം ടെലഗ്രാമിലൂടെ പോലീസ് അറിയിക്കേണ്ടതാണ്.

5. അറസ്റ്റ് ചെയ്യപ്പെടുകയോ, തടവിലാക്കപ്പെടുകയോ ചെയ്താലുടൻ തന്നെ അയാളുടെ അറസ്റ്റിനെപ്പറ്റി സുഹൃത്തിനേയോ ബന്ധുവിനെയോ അറിയിക്കാനുള്ള അവകാശത്തെക്കുറിച്ച് അയാളെ ബോധവാനാക്കേണ്ടതാണ്.

6. ഒരാളുടെ അറസ്റ്റിനെക്കുറിച്ച് തടവിലാക്കപ്പെട്ടിരിക്കുന്ന സ്ഥലത്തെ ഡയറിയിൽ രേഖപ്പെടുത്തേണ്ടതും അതിൽ അറസ്റ്റിനെക്കുറിച്ച് അറിയിക്കപ്പെട്ടയാളുടെ പേരും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ തടവിൽ സൂക്ഷിച്ചിരിക്കുന്ന പോലീസുദ്യോഗസ്ഥൻമാരുടെ പേരുകളും മറ്റ് വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

7. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി ആവശ്യപ്പെടുകയാണെങ്കിൽ അറസ്റ്റ് ചെയ്ത സമയം അയാളെ പരിശോധനയ്ക്ക് വിധേയനാക്കേണ്ടതും, വലുതോ, ചെറുതോ ആയ പരുക്കുകൾ അയാളുടെ ശരീരത്തിൽ കാണുകയാണെങ്കിൽ ആ സമയത്തുതന്നെ അത് രേഖപ്പെടുത്തേണ്ടതുമാണ്. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയും അറസ്റ്റ് നടപ്പിലാക്കിയ പോലീസുദ്യോഗസ്ഥനും, ഇപ്രകാരം തയ്യാറാക്കുന്ന ഇൻസ്പെക്ഷൻ മെമ്മോയിൽ ഒപ്പുവെയ്ക്കേണ്ടതും ഇതിന്റെ പകർപ്പ് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് നൽകേണ്ടതുമാണ്.

8. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അയാളുടെ തടങ്കലിന്റെ ഓരോ 48 മണിക്കൂറിലും ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച പാനലിലുള്ള ഒരു ഡോക്ടറുടെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എല്ലാ താലൂക്കുകൾക്കും, ജില്ലകൾക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇത്തരത്തിലുള്ള പാനലുകൾ തയ്യാറാക്കേണ്ടതാണ്.

9. മുകളിൽ സൂചിപ്പിച്ച അറസ്റ്റ്മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടേയും പകർപ്പുകൾ ബന്ധപ്പെട്ട മജിസ്ട്രേട്ടിന് രേഖയായി സൂക്ഷിക്കേണ്ടതിന് അയച്ചു കൊടുക്കേണ്ടതാണ്.

10. ചോദ്യം ചെയ്യൽ സമയത്ത് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് അയാളുടെ അഭിഭാഷകനെ കാണാൻ അനുവാദം നൽകാവുന്നതാണ്. എന്നാൽ ചോദ്യം ചെയ്യുന്ന മുഴുവൻ സമയവും ഇത് അനുവദിക്കേണ്ടതില്ല.

11. സംസ്ഥാന ആസ്ഥാനത്തും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പോലീസ് കൺട്രോൾ റൂമുകൾ ഏർപ്പെടുത്തേണ്ടതാണ്. അറസ്റ്റ് നടപ്പിലാക്കി 12 മണിക്കൂറിനകം അറസ്റ്റിനെയും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ തടങ്കലിൽ വച്ചിരിക്കുന്ന സ്ഥലത്തെയും പറ്റിയുള്ള വിവരങ്ങൾ അറസ്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ അവിടെ അറിയിക്കണം. ഈ വിവരങ്ങൾ പോലീസ് കൺട്രോൾ റൂമിൽ വ്യക്തമായ ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ബി) | ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സ് അന്വേഷണവുമായി ബന്ധപ്പെട്ട് പ്രതികളെ അറസ്റ്റ് ചെയ്ത ഘട്ടത്തിൽ ഇവ പാലിച്ചിട്ടുണ്ടോ ; | ബി) | ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ കാര്യത്തിന്മേൽ ടി നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചിട്ടുണ്ട്. |
| സി) | പ്രതികളെ അറസ്റ്റ് ചെയ്ത വിവരം കുടുംബത്തെ അറിയിക്കുകയുണ്ടായോ; | സി) | അറിയിക്കുകയുണ്ടായി. |
| ഡി) | അഭിഭാഷകന്റെ സഹായം ലഭ്യമാക്കിയോ ; | ഡി) | ലഭ്യമാക്കിയിട്ടുണ്ട്. |
| ഇ) | കസ്റ്റഡിയിൽ എടുത്ത പ്രതികളെ 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കുകയുണ്ടായോ; | ഇ) | ഹാജരാക്കുകയുണ്ടായി. |
| എഫ്) | മേൽപ്പറഞ്ഞവയൊന്നും പാലിക്കപ്പെടാതെ നടത്തിയ അറസ്റ്റുകൾ ഏതൊക്കെയായിരുന്നു ; കാരണം വെളിപ്പെടുത്താമോ ? | എഫ്) | എല്ലാ അറസ്റ്റുകളിലും ടി നിബന്ധനകൾ പാലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ